# മണിച്ചെപ്പ് ...

## ST. SEBASTIANS HIGHER SECONDARY SCHOOL ANICADU

മണിച്ചെപ്പ്

# St. Sebastian's Higher Secondary School Anicadu,Muvattupuzha

E mail: anicadu28044@rocketmail.com
Ph: 0485 2832937



സെൻറ് സെബാസ്റ്റ്യൻസ് എച്ച് എസ് എസ് ആനിക്കാട്


മണിച്ചെപ്പ്
സെൻറ് സെബാസ്റ്റ്യൻസ് എച്ച് എസ് എസ് ആനീക്കാട്

# ആശംസകളോടെ...



ഈ വർഷം സ്ഥാപിതമായ ലിറ്റിൽ
കൈറ്റ്സ് എന്ന പദ്ധതിയിൽ
അണിചേരുന്നതിൽ ഞാൻ അഭിമാ-
നം കൊള്ളുന്നു. ലിറ്റിൽ കൈറ്റ്സ്
എന്ന സംഘം വളരെ വിജയകര-
മായി നമ്മുടെ സ്കൂളിൽ പ്രവർത്തി-
ക്കുന്നു. ലിറ്റിൽ കൈറ്റ്സിനോടൊപ്പം
തന്നെ കുട്ടികൾക്ക് ഐ. ടി. മേഖല-
കളിലുള്ള താൽപര്യവും വർധിക്കുക-
യാണ്. അതിനാൽ തന്നെ കുട്ടികൾ-
ക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു
ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്.

sr. Nirmal mariya

## ആശംസകളോടെ....



**Sr.Reji**

2018-19-ൽ ഗവൺമെന്റ് ഐ.ടി. മേഖലകളിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് നൽകിയിരിക്കുന്ന ഒരു സുവർണ്ണാവസരമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്.ഇതിൽ 9-ാം ക്ലാസിലെ നാൽപ്പതോളം വിദ്യാർത്ഥികൾ വളരെ ഉന്മേഷത്തോടെ പ്രവർത്തിച്ചുവരികയാണ്.ലിറ്റിൽ കൈറ്റ്സ് തുടങ്ങിയതിൽ വളരെയധികം അഭിമാനം കൊള്ളുകയാണ് ഇപ്പോൾ ഞങ്ങളുടെ സ്കൂൾ.

മണിച്ചെപ്പ്



## ആശംസകളോടെ...

**Abhina Teacher**

2018-19 അദ്ധ്യയനവർഷം സംസ്ഥാന
സർക്കാർ പുതിയതായി ശാസ്ത്ര
സാങ്കേതികവിദ്യയിൽ മികവുറ്റ
വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ
പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ഈ
വർഷത്തെ ലിറ്റിൽ കൈറ്റ്സ് നയിക്കുവാൻ
കിട്ടിയവസരം അനുഗ്രഹദായകമാ-
യി ഞാൻ കാണുന്നു.ഞങ്ങളുടെ ലിറ്റിൽ
കൈറ്റ്സ് അംഗങ്ങൾക്ക് ഏറ്റവും
സ്നേഹത്തോടെ ഹൃദയം നിറഞ്ഞ
ആശംസകൾ.



ആശംസകളോടെ....

Soumya Teacher

2018-19 അധ്യയന വർഷം സംസ്ഥാന സർക്കാർ പുതിയതായി ശാസ്ത്ര സാങ്കേതികവിദ്യയിൽ മികവുറ്റ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ശാസ്ത്ര സാങ്കേതിക നിലകളിൽ നമ്മുടെ കുട്ടികൾ എത്രത്തോളം മികച്ചതാണെന്ന് നമുക്ക് അറിയാൻ സാധിക്കുന്നു. ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പരിശീലനത്തിൻെറ ഭാഗമായി പുറത്തിറക്കുന്ന 'മണിച്ചെപ്പ്' എന്ന ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എല്ലാവിധ ആശംസകളും നേരുന്നു.



ആശംസകളോടെ....

Mr.Joy Kakkanattu
P.T.A President

സാങ്കേതിക വിദ്യയുടെ വിസ്മയ ലോകത്തേക്ക് കുഞ്ഞുങ്ങളെ കൈപിടിച്ചുയർത്തുവാൻ നമ്മുടെ സ്കൂളിൽ ആരംഭിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയുടെ വളർച്ചയിൽ സന്തോഷിക്കുന്നു. അതോടൊപ്പം അവരുടേതായി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇനിയും വളരെ നല്ല രീതിയിൽ ഇവരുടെ പ്രവർത്തനം പുരോഗമിക്കട്ടെ എന്ന് ആശംസിക്കുന്നു.

## ആശംസകളോടെ....



**Mrs.Manju Santhosh**
**M.P.T.A President**

വിവര സാങ്കേതിക വിദ്യ-അതിവേഗം
കുതിച്ചുകൊണ്ടിരിക്കുന്നു.ഇന്നത്തെ
ലോകത്തിൽ നമ്മുടെ സ്കൂളിൽ കുട്ടികളുടെ
സാങ്കേതിക രംഗത്തുള്ള മികവ് കൂടുതൽ
മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ചിരിക്കുന്ന
ലിറ്റിൽ കൈറ്റ്സ് എന്ന പ്രസ്ഥാനം വളരെ
വേഗം
പുരോഗമിക്കുന്നതിൽ സന്തോഷമുണ്ട് .
കുട്ടികളുടെ
മികവിൻെറ ഭാഗമായി പുറത്തിറക്കുന്ന ഈ
മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ആശംസകളോടെ....

# LITTLE KITES MEMBERS

2018-19 പ്രവർത്തന വർഷത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ഇന്ന് വിവിധ സ്കൂളുകളിൽ വിജയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഒരു ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥികൾ. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളിലൂടെ മറ്റ് വിദ്യാർത്ഥികൾക്കും കഴിവ് തെളിയിക്കാനുമുള്ള അവസരമാണ് ലിറ്റിൽ കൈറ്റ്സ് ഒരുക്കിയിരിക്കുന്നത്. ഇതിനുവേണ്ടി ഞങ്ങൾക്ക് ഏറെ പ്രചോദനം ലഭിച്ചത് അധ്യാപകരായ ... അഭിനടീച്ചറിലൂടെയും, സി. റെജിയിലൂടെയുമാണ്.

# ഉള്ളടക്കം

## മണിച്ചെപ്പ്


Editorial Board.....12
Batch 2018-19.....13
മാമൻ ഡൈനോസർ.....14
പോയൊന്നു നോക്കുവിൻ.....15
ഭൂമി.....16
ബലൂൺ.....17
ബുദ്ധനും ആട്ടിൻകുട്ടിയും.....18
പ്റകൃതിയുടെ നാശം.....19
കടൽവെള്ളം പറ്റില്ല.....20
ഡോൾഫിൻ.....21
കുഞ്ചൻ നമ്പ്യാർ.....22
എന്റെ വിദ്യാലയം.....23
പെലെ.....24
Poster.....25
ഇലക്ട്രോ പൊല്യൂഷൻ.....26
പുഴയായ് കടലായ്.....27
നാളെയുടെ വാഗ്ദാനം.....28
പി . കുഞ്ഞിരാമൻ നായർ.....29
ടൈറ്റാനിക് .....30
ആകാശത്തിലൂടെ ഒരു റോഡ് .....31
ഊഞ്ഞാൽ.....32
പപ്പ ടം.....33
ശലഭങ്ങളിലെ മിമിക്രികൾ.....34
ശാസ്ത്ര കണ്ടുപിടിത്തങ്ങൾ.....35
തേൻ മാമ്പഴം.....36
തുടിതാളം തേടി.....37
കാട്ടുപ്പൂ.....38
നമ്മുടെ ഭാഷ.....39
കാണാതെപോയ പക്ഷി .....40
ശാസ്ത്ര ക്വിസ്.....41
കണിക്കൊന്ന.....42
ദുരിതർക്ക്കൈത്താങ്ങ് .....43
ഹൈടെക് സകൂൾ.....44
പരിശുദ്ധ ജപമാലയുടെ മാസം.....45
ബഹിരാകാശ വാരം.....46
അധ്യാപകദിനാഘോഷം.....47
Our Retiring Staffs.....48
Tour.....49
School Activities.....50
Annual Day Celebration.....51

മണിച്ചെപ്പ്

# EDITORIAL BOARD



Bhavana KM



Beema.N.S



Jyothka M Suresh



Aslama Thanseela



Nidheeshankary.S



Lakshmipriya.S



Alex Sunil



Aravind.K.S



Anwar.Ibrahim



Mansoor Sadhik





# St. Sebastians , Little Kites Batch: 2018-19




# മാമൻ ഡൈനോസർ

Akshay. A.S




ഏകദേശം 15 കോടി വർഷങ്ങൾക്കു മുമ്പ് ഭൂമിയിൽ ജീവിച്ചിരുന്ന മാമൻ ചിസോറസ് എന്ന ഡൈനോസറിന്റെ പ്രത്യേകത എന്തെന്നോ ? നിണ്ട കഴുത്ത്. 14 മീറ്റർ നിളമുണ്ടായിരുന്നു അതിന്റെ കഴുത്തിന്. ഏതാണ്ട് എട്ടു മനുഷ്യരുടെ നീളം കഴുത്തിനുമാത്രം . 25മീറ്ററോളം ഉണ്ടായിരുന്നു അതിന്റെ ഉടലിന്റ് നീളം.




# പോയൊന്നു നോക്കുവിൻ

തട്ടുന്നു മുട്ടുന്നു തട്ടിൻ പുറത്താരോ
തേങ്ങാ പെറുക്കിയിട്ടുന്നോ ?
കത്തുന്ന മിന്നുന്ന മാമന്റെ കുട്ടികൾ
പൂത്തിരി കത്തിച്ചിട്ടോടീടുന്നോ ?
മക്കളെ പോയെന്നു നോക്കുവിനേവരും
കാര്യമറിഞ്ഞ് വന്നീട്ടു വേഗം!

ഉത്തരം: ഇടിയും മിന്നലും.



Alen Goerge

# ഭൂമി

അമ്മയാം ഭൂമി നിന്നിലെ സൗന്ദര്യ
മെങ്ങനെ അളക്കും ഞാൻ

പുഷ്പലതാതികളാൽ നിർമ്മിച്ച നിന്നുടെ
അംഗഭാഗങ്ങളിതാ പൊലിയുന്നു.

വിഢിയാം മാനവൻ അറിയുന്നുവോ
തൻ നാശമാണു വിതയ്ക്കുന്നതെന്ന്.

പരോപകാരം നിറഞ്ഞ നിൻമനം
മനസ്സിലാക്കാനവർക്കു സാധിക്കുമോ?



Alan Benny

# ബലൂൺ...

ആഘോഷവേളകൾക്ക്
അഴകുപകരാൻ ബലൂണുകൾ
കൂടിയേ തീരൂ. ലോകമാകെ ഓരോ
വർഷവും ഏതാണ്ടു നൂറു കോടി
ബലൂണുകൾ ആകാശത്തേക്ക്
ഉയർത്തിവിടുന്നു എന്നാണ് കണക്ക്
1847-ൽ ലണ്ടനിലെ ഇൻഗ്രാം
കമ്പനിയാണ് ആദ്യമായി അത്തരം
ബലൂണുകൾ
നിർമ്മിച്ച് മാർക്കറ്റിലെത്തിച്ചത്.




Alex Joshy

# ബുദ്ധനും ആട്ടിൻകുട്ടിയും

**ബുദ്ധാ ;-**

ഞാനാട്ടിൻകുട്ടി
കല്ലേറുകൊണ്ടിട്ടെൻെറ
കണ്ണുപോയ്
നിൻ ആൽത്തറ
കാണുവാനൊട്ടും വയ്യ.
കൃപാധാമേ
ബുദ്ധാ, കാണുവാനൊട്ടും വയ്യ
പ്രഭാതാരവും എന്നെ
തെളിച്ച പുൽപാതയും
ഇടയൻ നഷ്ടപ്പെട്ട
കുഞ്ഞാടാണല്ലോ, യിനി
തുണ നീ മാത്രം
ബുദ്ധാ...




ഇതിൽ പ്രകൃതിയുടെ നാശമാണ്
പ്രതിധ്വനിക്കുന്നത്.
നമ്മുടെ ദുഷ്പ്രവർത്തികളാണ് ഇതിൽ
കാണുന്നത്.നാം
തന്നെയാണ്. പ്രകൃതിയെ നോവിച്ച് പ്രകൃതിയുടെ
വിഷമം പിടിച്ചെടുക്കുന്നു. നമ്മുടെ
പ്രവർത്തികൾക്ക് പ്രതികാരം എന്നോണം നമ്മെ
പലവിധത്തിലും ബുദ്ധിമുട്ടിച്ചും നശിപ്പിച്ചും
നമ്മിലൂടെ ആ പ്രതികാരദാഹം
ശമിപ്പിക്കുകയാണ്. നമ്മുടെ അമ്മയായ
പ്രകൃതിയെ ഇന്നലത്തേതുപോലെ
സംരക്ഷിക്കാൻ പ്രാപ്തരാകണം ...



Ameen Akbar

## കടൽവെള്ളം വറ്റില്ല...

ഭൂമിയിൽ  കോടിക്കണക്കിന്ന ചെറുപ്രാണികളുണ്ട് .മണ്ണിലും ചെളിയിലും വെള്ളത്തിലുമെല്ലാം ഇവയെ കാണാം .പക്ഷേ കടലിൽ ഇത്തരം ചെറു ചെറുപ്രാണികൾക്കു ജീവിക്കാനാവില്ല. ഉപ്പുവെള്ളവുമായി പൊരുത്തപ്പെടാൻ അവയ്ക്കു സാധിക്കില്ല.



AneeshBinu

# ഡോൾഫിൻ

മനുഷ്യന്റെ ചങ്ങാതിയാണ് ഡോൾഫിൻ എന്നു പറയാം. അപകടത്തിൽപ്പെട്ടു കടലിൽ മുങ്ങിത്താഴാൻ തുടങ്ങിയ ഒട്ടേറെ ആളുകളെ ഡോൾഫിൻ രക്ഷിച്ചിട്ടുണ്ടത്രേ ! മുങ്ങുന്ന മനുഷ്യരെ വെള്ളത്തിന്റെ ഉപരിതലത്തിലേക്ക് ഉയർത്താൻ ഡോൾഫിന് കഴിയുന്നു.



Ansiya M A

# കുഞ്ചൻ നമ്പ്യാർ തുള്ളൽസാഹിത്യം

കൈരളിയുടെ പൊട്ടിച്ചിരിയാണ് തുള്ളൽ
കവിതകൾ.മലയാള ഭാഷയുടെ മാധുര്യവും
ഒത്തിണങ്ങിയ തുള്ളൽ ജനങ്ങളെ ഒന്നടങ്കം
ആനന്ദിപ്പിക്കുകയും കലാപരമായ പുതിയ അനുഭവം
പകർന്നു കൊടുക്കുകയും ചെയ്തു.

1705-മെയ്05ന് ജനിച്ചതായി
വിശ്വസിക്കുന്നു .തിരുവിലാമലയ്ക്ക് സമീപമുള്ള
കിള്ളിക്കുറിശ്ശി മംഗലമാണ് ജന്മസ്ഥലം.അവിടെ
കലക്കത്ത് ഭവനത്തിലാണ് ജനിച്ചത്.കലക്കത്ത്ഭവനം
ഗവൺമെൻറ് ഏറ്റെടുത്ത് കുഞ്ചൻ സ്മാരകമാക്കി
.അമ്പലപ്പുഴയിലും കുഞ്ചൻ സ്മാരകമുണ്ട്
.വാർധക്യകാലത്ത് നമ്പ്യാർ അമ്പലപ്പുഴയിലേക്ക്
മടങ്ങി.1770-നോടടുത്ത് അന്തരിച്ചു.




# എന്റെ വിദ്യാലയം

തിങ്കളും താരങ്ങളും
തൂവെള്ളി കതിർ ചിന്നും
തുംഗമാം മാവിൻചോട്ടി-
ലാണെന്റെ വിദ്യാലയം,

മുൾച്ചെടിത്തലപ്പിലും
പുഞ്ചിരി വിരിയാറു-
ണ്ടച്ചെറു പൂന്തോപ്പിലെ-
പ്പനിനീർരുക്കുന്നു,

ആരല്ലെൻ ഗുരുനാഥാ-
രാരെല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ
പ്പഠിപ്പിക്കുന്നുണ്ടെന്നോ!




# പെലെ

പെലെ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന
"എഡ്സൺ ഡോ നാസിമെനോ" ലോക
ഫുട്ബോൾ
ഇതിഹാസ താരമാണ്. 1940 ഒക്ടോബർ 23 ന്
ബ്രസീലിലാണ് ആ ഫുട്ബോൾ
രാജാവിന്റെ ജനനം . ഒറ്റമോനായി ജനിച്ച
പെലെയ്ക്ക് കൂട്ട് ഫുട്ബോളായിരുന്നു . ലോക
ഫുട്ബോളിന്റെ മുൻനിരയിൽ മായാജാലം
കാണിച്ചവനാണ് പെലെ . തന്റെ
രാജ്യത്തിനായി
മൂന്ന് തവണ അദ്ദേഹം ലോകകപ്പ്
നേടികൊടുത്തു .


SMOKING CAUSES
CANCER
Mansoor Sadhik
SMOKING KILLS

# ഇലക്ട്രോ പൊല്യൂഷൻ




മലിനീകരണം എന്ന വാക്ക് ഇന്ന് ഏവർക്കും സുപരിചിതമാണല്ലോ. വിവിധ തരത്തിലുള്ള മലിനീകരണത്തെക്കുറിച്ചുള്ള കാര്യങ്ങളും അവ സൃഷ്ടിക്കുന്ന ഒരുതരമായ പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് സംബോധവാന്മാരാണ് .എന്നിട്ടും നമുക്ക് ഇതിൽനിന്നും രക്ഷനേടുവാൻ സാധിക്കുന്നില്ല.


വിവിധതരം മാലിന്യങ്ങളിൽ ഏറ്റവും പുതിയതാണ് ഇലക്ട്രോ പൊല്യൂഷൻ അഥവാ (e-waste) എന്ന പറയുന്നത്. തോമസ് ആൽവാ എഡിസന്റെ ഇലക്ട്രിക് ബൾബ് തുടങ്ങിയവ നമുക്കെല്ലാം ഒരനുഗ്രഹമാണെങ്കിലും ഒരുപദ്രവം കൂടിയാണ് . ടി.വി, റേഡിയോ, ബൾബ് തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളാണ് ഉപയോഗശേഷം e-waste ആയി കണക്കപ്പെടുന്നത്.

നമ്മുടെ തന്നെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ നമുക്കും നമ്മുടെ ഭൂമിക്കും ശാപമായി തീരുന്നു എന്നു തന്നെ പറയാം. കുട്ടികളിൽ മൊബൈൽ ഫോണിൽ നിന്നുള്ള കിരണങ്ങൾ തലച്ചോറിന്റ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുക മാത്രമല്ല സ്വഭാവ വ്യതിയാനങ്ങൾക്കും കാരണമാകുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഇത്തരം പഠനങ്ങൾ വ്യക്തമാക്കുന്നത് അധികമായാൽ അമൃതും വിഷം എന്നു തന്നെയാണ്.




# പുഴയായ് കടലായ്...

ജലാശയങ്ങളിൽ നിന്നും ജലം നീരാവിയായി
മുകളിലേക്ക് സഞ്ചാരിക്കുന്നു . പറക്കുന്ന തിനിടയിൽ
ഇവ ഒരിമിച്ചുചേർന്ന് മേഘമായി മാറും .
മേഘംതണുത്തുറഞ്ഞ് മഴത്തുള്ളിയായി പതുക്കെ
പെയ്തിറങ്ങാൻ തുടങ്ങുന്നു . മണ്ണിലെത്തിയാൽ
വെള്ളം അവിടെ തന്നെ തങ്ങി നിൽക്കില്ല . മെല്ലെ
മണ്ണിലൂടെ സഞ്ചരിക്കാൻ തുടങ്ങും . ഉറവയായി ,
അരുവിയായി , പുഴയായി, കായലിലേക്ക്,
അവസാനം കടലിലേക്ക്...






# നാളെയുടെ വാഗ്ദാനം


Green Gold! അങ്ങനെയുമൊരു
വിശേഷണമുണ്ട് മുളയ്ക്ക്.എല്ലാ
അർത്ഥത്തിലും മരത്തിനു പകരം
വയ്ക്കാവുന്ന നാളത്തെ നിർമ്മാണ
മേഖലയെ അടക്കിഭരിക്കാൻ ശേഷി
യുള്ള അന്നം മുതൽ ഔഷധം
വരെ സകലതും ആശ്രയിക്കുന്ന മുളയെ
പൊന്നുപോലെ കരുതണമെന്ന
വലിയ തിരിച്ചറിവിൻെറ സാക്ഷ്യമാണ്.




# പി . കുഞ്ഞിരാമൻ നായർ

**1905 ഒക്ടോബർ4 ന് കാഞ്ഞങ്ങാട്ട് ജനിച്ചു . കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവും അന്യാദൃശമായ പ്രകൃതി ലാവണ്യവും പി . യുടെ**

**കവിതകളുടെ മൗലിക ഭാവങ്ങൾ . തുഞ്ചൻപറമ്പിലും കിള്ളിക്കുറിശ്ശിമംഗലത്തും അദ്ദേഹത്തിന്റെ കവിതപൈങ്കിളി പറന്നെത്തുന്നു .' കളിയച്ഛൻ' 'ന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 27-05-1978-ൽ അന്തരിച്ചു.**



Pauls Biju

# ടൈറ്റാനിക്

ലോകം ഇന്നുവരെ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ദുരന്തമായിരുന്നു ടൈറ്റാനിക് അപകടം.1912-ലായിരുന്നു ടൈറ്റാനിക് പടുകൂറ്റനൊരു മഞ്ഞുമലയിൽ ചെന്നിടിച്ചു തകർന്നത് 1500-ലേറെ ആളുകൾ കൊല്ലപ്പെട്ടു. പിന്നീട് ടൈറ്റാനിക് അപകടത്തെപ്പറ്റി സിനിമ നിലവിൽ വന്നു. ടൈറ്റാനിക്കിൻെറ അവശിഷ്ടങ്ങൾ ഇന്നും കടലിനടിയിൽ ഉണ്ട്......



*Pawan R Mohan*

# ആകാശത്തിലൂടെ ഒരു റോഡ്

ചൈനയെയും പാകിസ്ഥാനെയും യോജിപ്പിക്കുന്ന റോഡാണ് കാരക്കോറം ഹൈവേ. KKH എന്ന ചുരുക്കപ്പേരിൽ ഇതറിയപ്പെടുന്നു.

ഇന്ത്യ, പാകിസ്ഥാൻ, ചൈന എന്നീ മൂന്നു രാജ്യങ്ങളുടെ അതിരിൽ സ്ഥിതി ചെയ്യുന്ന കാരക്കോറം പർവതനിരയിലൂടെ ഏകദേശം അയ്യായിരം മീറ്റർ ഉയരത്തിൽ നിർമ്മിച്ച റോഡാണിത്. 'ലോകത്തിലെ ഒൻപ-താമത്തെ അദ്ഭുതം' എന്ന വിശേഷിപ്പിക്കാറുള്ള ഈ റോഡ് കാണാൻ സന്ദർശകരുടെ തിരക്കുണ്ട്.



Saya.V.Saif

# ഊഞ്ഞാൽ

തെങ്ങോലത്തുമ്പത്തൊരൂ
ഞ്ഞാലുകെട്ടി.
ദൂരത്തെപ്പൂങ്കാററു-
കൂട്ടായണഞ്ഞെത്തി.
ആലോലം താലോലം
ഊഞ്ഞാലങ്ങാടി
കുഞ്ഞാററക്കിളിയൊന്നു-
മൂളാനുമെത്തി.

*****




Ummul Saina

# പപ്പടം

പൊട്ടുപോലുള്ള വലിയൊരു പപ്പടം
ഓട്ടിച്ചുവെച്ചതാരാണ മേലെ
കൊതിയോടെ ചുറ്റും
മിന്നിത്തിളങ്ങുന്ന
നക്ഷത്രക്കുഞ്ഞുങ്ങൾ
തുള്ളുന്ന കണ്ടോ?
കൊത്തിപറക്കാൻ പറവകൾ മേലേ
പാറിയടുക്കുന്ന ചേലുണ്ടോ?
തിന്നുകില്ലാരുമാപപ്പടം മോടിക്കായ്
ആകാശത്തൊട്ടിച്ചു വെച്ചതാണേ...

*****

© Erivum Puliyum



**Aslama Thanseela**

# ശലഭങ്ങളിലെ മിമിക്രികൾ...

എരിക്കുതിപ്പിയും ചൊട്ടഭത്തിലെ പെൺശലഭവും കാഴ്ചയിൽ ഒരുപോലെയാണെങ്കിലും ചില വ്യത്യാസങ്ങളുണ്ട് . എരിക്കുപോലുള്ള വിഷച്ചെടികളുടെ ഇല തിന്ന് വളർന്നതിനാൽ എരിക്കുതിപ്പിയെ ഇരപിടിയന്മാർ ഒഴിവാക്കാറുണ്ട്. അതുകൊണ്ട് ചെട്ടശലഭം എരികുതിപ്പിയുടെ രൂപം അനുകരിച്ച് ശത്രുകളിൽ നിന്ന് രക്ഷപ്പെടുന്നു.



Vishwanath M.S

# ശാസ്ത്ര കണ്ടുപിടിത്തങ്ങൾ

അച്ചടിയന്ത്രം -ജോൺ ഗുട്ടൺബർഗ്

ആപേക്ഷിതാസിദ്ധാന്തം - ഐൻസ്റ്റൈൻ

ഓക്സിജിൻ - പ്രീസ്റ്റ് ലി

ബാരോമീറ്റർ - ടോറിസെല്ലി

ക്ലോക്ക് - സി. ഹ്യൂജൻസ്


റേഡിയോ - മാർകോണി

ഡി.ഡി.യോ - ഡോ പോൾ മുള്ളൻ

ടെലിവിഷൻ - ജോൺ ബയേർഡ്

ഡൈനാമോ - മൈക്കിൾ ഫാരഡെ

റേഡിയം - മാഡം ക്യൂറി




# തേൻ മാമ്പഴം...

മുത്തച്ഛനിന്നലെ
മുറ്റത്തെ മാവിനെ
ചേർത്തു പിടിച്ചൊന്നു മുത്തമിട്ടുയ.
മാവിൻെറ മോളിലേ-
ക്കങ്ങോട്ടുമിങ്ങോട്ടും നോട്ടമിട്ടു.
കുട്ടികൾ  ഞങ്ങളെ
ചേർത്തു പിടിച്ചമ്മ
മാവിനെ ചൂണ്ടിയിട്ടൊന്നുരച്ചു.
മക്കളെപ്പോറ്റുന്നപോലെയാണീ
മാവിനെ പോറ്റിയെടുത്തതല്ലോ  .



Athulya Sudhakaran

# തുടിതാളം തേടി

നമ്മുടെ മാതാവു- കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെക്കൽച്ചില്ല കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം
പെറ്റമ്മതന്നുടെവെണ്മുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂണുത്താൽ
പാടിയിരുന്ന  പഴയപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം..




# കാട്ടുപ്പൂ...

മായംകളഞ്ഞുള്ള്  മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തില
നിന്നുവിളങ്ങിന നന്ദകുമാരനെ-
ച്ചെന്നങ്ങു കാണ്മതിന്നായിച്ചെമ്മേ
അകാരമായൊരു മാനസംപൂണ്ടുള്ളൊ-
രക്രൂരനാകിന യാദവന്താൻ
ചൊർക്കൊണ്ടു നിന്നൊരു തേരിക്കരേറിയ-
നോക്കി നടന്നാനപ്പോ
പോകുന്നനേരത്തു തന്നിലേ നണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി...
കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു
പൂത്തുവന്നു  നിർണ്ണയം  നാം........?





# നമ്മുടെ ഭാഷ

അമ്പത്തൊന്നക്ഷരങ്ങൾ ചേർത്ത്
ഇമ്പമാർന്നരുവിടും ശ്രേഷ്ഠഭാഷ.
ഏതു ദേശത്തിലാകിലും നമ്മൾ
ആത്മാവിൽ സൂക്ഷിക്കും മാതൃഭാഷ
ഏറെ ഭാഷകൾ പഠിച്ചുവെന്നാലും
അമ്മതൻ വാത്സല്യത്തേൻ കിനിയും
നമ്മുടെ മലയാളം, മധുരഭാഷ !




www.DesktopBackground.org




# വാർത്താവിശേഷം

## കാണാതെപോയ പക്ഷി

സെബു ദീപിൽ കാണപ്പെടുന്ന സെബു ഫ്ളവർ പെക്കർ എന്ന പക്ഷി വംശനാശം നേരിട്ടു എന്നായിരുന്നു ശാസ്ത്രജ്ഞൻമാർ കരുതിയത്. എന്നാൽ 1992-ൽഫിലിപ്പൈൻസിലെ ആ പക്ഷിയെ വീണ്ടും കണ്ടെത്തി. ഫിലിപ്പൈൻസിൽ നൂറോളം പക്ഷികൾ ജീവിച്ചിരിക്കുന്നതായാണ് വാർത്ത.അവശേഷിച്ച പക്ഷികളെ രക്ഷിക്കാനും ആ വംശം നില നിർത്താനുമുള്ള ശ്രമങ്ങൾ നടക്കുന്നു.



# Divya Goerge

# ശാസ്ത്ര ക്വിസ്

1. ചോളത്തിൽ നിന്ന് വേർതിരിച്ചെടുക്കുന്ന എണ്ണ ഏത്?

:- മാർഗറിൻ.

2. മർക്കുറിയുടെ പ്രഭാവം മൂലം ഉണ്ടാകുന്ന രോഗം ഏത്?

:- മീനമാതാ.

3. അലുമിനിയത്തിന്റെ രാസനാമം എന്ത്?

:- അലുമിനിയം സിലിക്കേറ്റ്.

4. സോഡാ ജലത്തിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത് ?

:-കാർബോണിക് ആസിഡ്.

5. രക്തം കട്ടപിടിക്കാൻ ആവശ്യമായ ലോഹം ഏത്?

:- കാത്സ്യം.



Fathima Shajahan

# കണിക്കൊന്ന...

മലയാള നാടിന് പൊൻ കണിയായി
മേട കണിക്കൊന്ന പൂത്തൊരുങ്ങി
മാമല നാടിന്നൊരുത്സവമായ്
പൊന്നിളം ചുണ്ടിൻ ഓമനപ്പാട്ടുമായി
വിഷുപ്പക്ഷി രാവിനെ തുയിലുണർത്തി
വിഷുദിനം വിരിയുന്ന പുലർക്കാലം
പരമാനന്ദത്തിൻ സുപ്രഭാതങ്ങളേ..

മണിച്ചെപ്പ്

# ആനിക്കാട് സെന്റ് സെബാസ്റ്റ്യൻ സ്കൂൾ പ്രളയ ദുരിതർക്ക് കൈത്താങ്ങ്



ആനിക്കാട്: പ്രളയ ദുരിതർക്ക് ഒരു കൈത്താങ്ങായി സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ കുട്ടികൾ. പ്രളയ ദുരന്തത്തിൽ വീടുകളും സാധനങ്ങളും നഷ്ടപ്പെട്ടവർക്ക് സ്കൂളിൽ നിന്ന് ധാരാളം സഭാവനകൾ നല്കി. ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ ക്യാമ്പായി നൽകികൊണ്ട് ദുരിതർക്ക് ആശ്രയമേകി . ക്ലാസ് അടിസ്ഥാനത്തിൽ പിരിവിട്ടുകയും സാധന സാമഗ്രികൾ സംഭരിച്ച് കൊടുക്കയും ചെയ്തു. യൂണിഫോമും വസ്തുങ്ങളും നഷ്ടപ്പെട്ടവർക്ക് അവ വാങ്ഹിച്ചുകൊടുക്കുകയും ചെയ്തു. പ്രളയത്തിൽ ഏറെ നാശനഷ്ടങ്ങൾ ഉണ്ടായ ഇടുക്കിയിലേക്ക് കുട്ടികൾ നിത്യോപയോഗസാധനങ്ങൾ ശേഖരിക്കുകയും സ്കൂൾ ഹെഡ്മിസ്ട്രസ്സ് സി. നിർമ്മൽ മരിയയും ഹയർസെക്കന്ററിയിലെ ഇൻചാർജ് സി. ജോസിലിയും കൂടി രൂപതാ കെ. സി. എസ്. സി ഡയറക്ടർ ഫാദർ സിറിയക് കൊടമുള്ളിലിന് കൈമാറുകയും ചെയ്തു. എല്ലാ ക്ലാസുകളിൽ നിന്നും പിരിവിട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് പണം നൽകി. ആനിക്കാട് S.S.H.S.S സ്കൂളിലെ സ്കൗട്ട് ആന്റ് ഗൈഡിലെ കുട്ടികൾ ആശുപത്രി ശുചീകരണത്തിൽ പങ്കാളിയായി.

# ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ ഹൈടെക് സ്കൂൾ




ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് സംഘടനയുടെ നേതൃത്വത്തിൽ ഹൈടെക് ക്ലാസ്സുറികൾ വന്നു. കുട്ടികളുടെ പഠനത്തിന് മികവുണ്ടാകുന്നതിന് ഹൈടക്ക് ക്ലാസ്സുറികൾ അത്യാവശ്യമാണ്. ഓരോ ക്ലാസ്സുറികളും പ്രൊജക്ടറും ഒരു ലാപ്ടോപ്പും നൽകിയിരുന്നു. പഠനസഹായകമായ വീഡിയോ ചിത്രങ്ങളും കാണിച്ചുകൊടുക്കുന്നത് കുട്ടികൾക്ക് കൂടുതൽ ആഴത്തിൽ പഠിക്കാൻ സഹായിക്കും എന്നുള്ള അടിസ്ഥാനത്തിലാണ് ലിറ്റിൽ കൈറ്റസ് സ്കൂളുകിൽ പ്രവർത്തിക്കുന്നത്. സ്കൂളുകളിൽ നിന്ന് ലിറ്റിൽ കൈറ്റസ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും അവരെ പ്രവർത്തിപ്പിക്കാൻ പഠിപ്പിക്കുകയും ചെയ്തു.



Sr. Jaicy

# പരിശുദ്ധ ജപമാലയുടെ മാസം

പരിശുദ്ധജപമാലയുടെ മാസമായ ഒക്ടോബറിൽ 5-ാം തിയതി മുതൽ 3-ാം തിയതി വരെ ആനിക്കാട് സെൻറ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിൽ കൊന്തനമസ്കാരം നടത്തി. ക്ലാസുകൾ തിരിച്ചായിരുന്നു കൊന്ത നമസ്കാരം നടത്തിയത്. ഒരു ക്ലാസിൽ നിന്ന്2 കുട്ടികൾ വീതം 10പേരാണ് ഓരോ ദിവസവും കൊന്തയ്ക്ക് നേതൃത്വം നൽകിയിരുന്നത്. ഉച്ചകഴിഞ്ഞ് വരുന്ന ക്യാറ്റികിസം ,മോറൽ സയൻസ് പിരീയഡുകളിലാണ് കൊന്ത ചൊല്ലിയിരുന്നത്.എല്ലാ ക്ലാസിലെയും കുട്ടികൾ കൊന്തയിൽ ഭക്തിപൂർവ്വം പങ്കെടുത്തു. ക്രൈസ്തവരായ കുട്ടികൾ എല്ലാവരും കൊന്ത ഉപയോഗിച്ചാണ് ജപമാല ചൊല്ലിയിരുന്നത്.



# ബഹിരാകാശ വാരം

ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ ഒക്ടോബർ 10 മുതൽ ബഹിരാകാശ വാരം ആഘോഷിച്ചു. ഒക്ടോബർ 12-ാം തിയതി സ്പേസിനോട് അനുബന്ധിച്ച് പല മത്സരങ്ങൾ നടത്തി. ശാസ്ത്രക്വിസ്, പതിപ്പ് , കൊളാഷ്, മോഡൽ നിർമാണം, റോക്കറ്റ് നിർമാണം, ചാർട്ട്, പ്രോജക്ട്, എന്നീ മത്സരങ്ങൾ നടത്തി. കുട്ടികൾ ഉണ്ടാക്കിയവ പ്രദർശനത്തിനായി വയ്ക്കുകയും വിജയികൾക്ക് സർട്ടിഫി-ക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ബി.ആർ.സി. യിലെ ജാക്സൺ സാറും ഹെഡ്മിസ്ട്രസ്സും കൂടിയാണ് കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. ഇതിനു നേതൃത്വം നൽകിയ സി. സെലിനും,സി. ആൽഫിയ്ക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

# അധ്യാപകദിനാഘോഷം

# ആനിക്കാട്:



പുതിയ തലമുറയ്ക്ക് വഴിക്കാട്ടിയായി സെന്റ് സെബാസ്റ്റ്യൻസിലെ വിദ്യാർത്ഥികൾ. രാവിലെ 10 മണിയോടെയാണ് അധ്യാപകദിനാഘോഷം ആരംഭിച്ചത്. സ്കൂളിലെ സ്കൗട്ട്,ജെ.ആർ.സി. കുട്ടികളുടെ നേതൃത്വത്തിലാണ് അധ്യാപകദിനാഘോഷം ആരംഭിച്ചത്. അധ്യാപകരുടെ കാൽതൊട്ട് വന്ദിച്ച് പുഷ്പങ്ങളും നൽകിയായിരുന്നു അധ്യാപകദിനാഘോഷം
നടന്നത് കൂടാതെ സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ നിർമ്മൽ മരിയ അധ്യപകദിനാഘോഷത്തിന്റെ ആവശ്യകതയും
കുട്ടികളുടെ സൻമനസ്സിന് നന്ദി പറയുകയും ചെയ്തു. അതത് ടീച്ചറിന്റെ ക്ലാസ്മുറികളിൽ വച്ച് കുട്ടികൾ ആശംസ അർപ്പിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്യുകയുണ്ടായി.

# Our Retiring Staffs...



Mrs.Mollly Kutty
Teacher



Sr.Susan



Sr.Merina

# Tour
















# School activities










Annual Day
Celebrations


S.A.B.S. CENT
ആശംസകൾ


S. CENTENARY BLOCK


ST.SEBASTIAN'S HIGHER
SECONDARY SCHOOL, ANICADU
Annual Day


annual day celebration
S.A.B.S. CENTENARY BLOCK